കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭ - ക്ലീൻ കേരള പദ്ധതി - രാത്രികാല ശുചീകരണ തൊഴിലാളികളെ നിയമിച്ചതിൽ തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1780/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 5/7/2013

പരാമർശം :
1. 22/1/2013 ലെ തൊടുപുഴ നഗരസഭയുടെ 10 ാം നമ്പർ കൌൺസിൽ തീരുമാനം
2. 29/1/2013 ലെ തൊടുപുഴ മുൻസിപ്പാലിറ്റി സെക്രട്ടറിയുടെ എച്ച് 1 -6429/10 നമ്പർ കത്ത്
3. സ.ഉ(സാധാ)2993/2012/തസ്വഭവ തീയതി 1/11/2012
4. 19/4/2013 ലെ നഗരകാര്യ ഡയറക്ടറുടെ ഇ 2-10084/12 നമ്പർ കത്ത്

ഉത്തരവ്

ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി രാത്രികാല ശുചീകരണത്തിന് 25 (ഇരുപത്തിയഞ്ച്) താൽക്കാലിക തൊഴിലാളികളുടെ സേവനം പരാമർശം 3 പ്രകാരം 1/4/2012 മുതൽ 31/3/2013 വരെ തുടരുന്നതിന് തൊടുപുഴ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവായിരുന്നു. നഗരസഭയിലെ സ്ഥിരം കണ്ടിജന്റ് തൊഴിലാളികളുടെ അപര്യാപ്തതയും വർദ്ധിച്ച് വരുന്ന ഖരമാലിന്യങ്ങളുടെ അളവും ദ്രുതഗതിയിലുള്ള നഗരസഭയുടെ വളർച്ചയും കണക്കിലെടുത്ത് ടി തൊഴിലാളികളുടെ സേവനം 2013 മാർച്ച് മുതൽ 2014 മാർച്ച് വരെ 1 തുടർച്ചാനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരമുള്ള നഗരസഭാ കൌൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി പരാമർശം 2 പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ആയത് നഗരകാര്യ ഡയറക്ടർ പരാമർശം 4 മുഖേന സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി തൊടുപുഴ നഗരസഭയിൽ നിയമിതരായ 25 (ഇരുപത്തിയഞ്ച്) താൽക്കാലിക തൊഴിലാളികളുടെ സേവനം 1/4/2013 മുതൽ 31/3/2014 വരെ തുടരുന്നതിന് തൊടുപുഴ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഇക്കാര്യത്തിന്മേലുള്ള ചെലവ് നഗരസഭയുടെ തനത്ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. താൽക്കാലിക തൊഴിലാളികളുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ കർശനമായി പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി.റംലത്ത്
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തൊടുപുഴ നഗരസഭ
ചെയർമാൻ, തൊടുപുഴ നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**